ഫോം മാറ്റിംഗ്സ് ലിമിറ്റഡ്

95 [425] ശ്രീ. എ. പി. അനിൽകുമാർ:
„ ലൂഡി ലൂയിസ്:
„ എം. മുരളി:
„ ടി. യു. രാധാകൃഷ്ണൻ:
„ എം. കെ. പോൾസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോം മാറ്റിംഗ്സ് ലിമിറ്റഡ് ഇപ്പോൾ പ്രതിവർഷം എന്തുതുകയ്ക്കുള്ള ഉൽപ്പാദനം നടത്തുന്നുണ്ട്;

(ബി) ഇതിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഈ കമ്പനിക്ക് 2002-03-ൽ എന്തുതുകയുടെ വിറ്റുവരവുണ്ടായി;

(ഡി) ഈ കമ്പനി ഇപ്പോൾ പ്രവർത്തിക്കുന്നത് ലാഭത്തിലാണോ നഷ്ടത്തിലാണോ; എങ്കിൽ എത്ര എന്ന് വിശദമാക്കുമോ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഫോം മാറ്റിംഗ്സ് ലിമിറ്റഡിന്റെ പ്രവർത്തന നഷ്ടം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം 350 ലക്ഷം രൂപയുടെ ഉൽപ്പാദനം നടന്നിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 2002-03-ലെ കമ്പനിയുടെ വിറ്റുവരവ് 586.91 ലക്ഷം രൂപയാണ്.

(ഡി) കമ്പനി ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 2004 ഏപ്രിൽ മാസത്തേയും മെയ് മാസത്തേയും കൂടി പ്രൊവിഷണൽ കണക്കനുസരിച്ച് കമ്പനിക്ക് ഏകദേശം 14.5 ലക്ഷം (പതിനാലര ലക്ഷം) രൂപയുടെ ലാഭമുണ്ട്.

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന 2001-02 സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ പ്രവർത്തന നഷ്ടം 110.86 ലക്ഷം രൂപയായിരുന്നു.

കയർ വ്യവസായ സഹകരണ സംഘങ്ങൾ സംരക്ഷിക്കാൻ നടപടി

96 [428] ശ്രീ. ടി. കെ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രയാസംമൂലം കയർ വ്യവസായ സഹകരണ സംഘങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കയർ വ്യവസായ സഹകരണ സംഘങ്ങളെ തകർച്ചയിൽനിന്ന് സംരക്ഷിക്കുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(സി) കയർ ഡയറക്ടറേറ്റിൽനിന്നും അനുവദിച്ച ഗ്രാന്റും സബ്സിഡിയും പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിയാത്ത സഹകരണ സംഘങ്ങൾക്ക് അത് വിനിയോഗിക്കുവാനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പീഡിതവും നിഷ്ക്രിയവുമായ കയർ വ്യവസായ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് 2003-04 സാമ്പത്തികവർഷത്തിൽ 49.99 ലക്ഷം രൂപയും 2004-05-ൽ 75 ലക്ഷം രൂപയും സഹായധനമായി നൽകിയിട്ടുണ്ട്. കെട്ടിക്കിടക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് ഡിസ്ട്രസ് പർച്ചേസ് പദ്ധതി നടപ്പിലാക്കിവരുന്നു. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി വൈവിദ്ധ്യവും ഗുണമേന്മയുള്ളതുമായ കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുവാനും കോമൺഫെസിലിറ്റി സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുവാനും കയറുൽപ്പാദക സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. കയർ സഹകരണ സംഘങ്ങൾക്ക് 25 ശതമാനം മാർജിൻ മണി വായ്പ നൽകുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്ന മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റൻസ് പദ്ധതി പ്രകാരവും സംഘങ്ങൾക്ക് തുക അനുവദിച്ചു നൽകിയിട്ടുണ്ട്. കയർ വ്യവസായത്തിൽ സഹകരണവൽക്കരണ പദ്ധതിയും മഹിള കയർ യോജന പദ്ധതിയും ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്നു.

(സി) സംഘങ്ങളിൽനിന്നും വിനിയോഗ കാലാവധി ദീർഘിപ്പിക്കുന്ന അപേക്ഷ തരുന്നമുറയ്ക്ക് നിയമപ്രകാരം കാലാവധി ദീർഘിപ്പിച്ച് നൽകിവരുന്നുണ്ട്.

കയർഫെഡ് നൽകാനുള്ള തുക

97 [430] ശ്രീ. വർക്കല കഹാർ:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ എഴുകോൺ നാരായണൻ:
„ കെ. സി. ജോസഫ്:
„ എം. പി. ഗംഗാധരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കയർ സഹകരണ സംഘങ്ങളിൽനിന്നും കയർ വാങ്ങിയ വകയിൽ കയർഫെഡ് എന്തു തുക കൊടുത്തു തീർക്കുവാനുണ്ടായിരുന്നു;

(ബി) ഈ തുക കൊടുത്തു തീർത്തുവോ;

LIBRARY ARCHIVES Kerala Legislative Assembly